'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- ആറാം യു. ജി. സി. ശമ്പള പരിഷ്കരണത്തിന്റെ രണ്ടും മൂന്നും ഗഡു കുടിശ്ശിക തുക നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതിന് കേരള സർവ്വകലാശാലയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

## ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ) നം.28/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 04/01/2020**

പരാമർശം:- 1. സ. ഉ. (എം. എസ്.) നം. 50/2019/HEdn, തീയതി 03.03.2019.

2. കേരള സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ 15.03.2019 ലെ ഫിനാൻസ് II/2019 നമ്പർ കത്ത്.

3. 20.06.2019 ലെ HEDN-C3/242/2017-HEDN നമ്പർ കത്ത്.

## ഉത്തരവ്

കേരള സർവ്വകലാശാലയ്ക്ക് യു. ജി. സി. ആറാം ശമ്പള പരിഷ്കരണത്തിനായി രണ്ടും, മൂന്നും ഗഡുവായി 7,11,44,400/- (ഏഴ് കോടി പതിനൊന്നു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ചിരുന്നുവെങ്കിലും, പ്രസ്തുത തുക 2018 മാർച്ച് മാസത്തെ സർവ്വകലാശാലയുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും തിരിച്ചെടുക്കുകയുണ്ടായെന്നും, അതിനാൽ സർവ്വകലാശാലയ്ക്ക് അധികമായി 7,34,69,443/- രൂപ (ഏഴ് കോടി മുപ്പത്തിനാല് ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി നാന്നൂറ്റി നാൽപ്പത്തിമൂന്ന് രൂപ മാത്രം) ചെലവഴിക്കേണ്ടി വന്നുവെന്നും സർവ്വകലാശാല ഫിനാൻസ് ഓഫീസർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. യു. ജി. സി. ശമ്പള പരിഷ്കരണത്തിന്റെ നാലാം ഗഡു കുടിശ്ശിക തുക സർവ്വകലാശാലയുടെ നോൺ-പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്പോൾ നാലാം ഗഡു കുടിശ്ശിക വിതരണം നടത്തുന്നതിനായി കേരള സർവ്വകലാശാലയ്ക്ക് 2,66,13,920/- രൂപ (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും, രണ്ടും മൂന്നും ഗഡു കുടിശ്ശിക നൽകാതെ നാലാം ഗഡു തുക വിതരണം നടത്തുവാൻ സാധിക്കുകയില്ലെന്നും, അതിനാൽ രണ്ടും മൂന്നും ഗഡുക്കളുടെ ബാക്കി വിതരണം ചെയ്യാനുള്ള കുടിശ്ശിക തുക സർവ്വകലാശാലയുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും ഫിനാൻസ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. രണ്ടും മൂന്നും ഗഡുക്കളുടെ ബാക്കി വിതരണം ചെയ്യാനുള്ള കുടിശ്ശിക തുക സർവ്വകലാശാലയുടെ നടപ്പ് വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതിന് കേരള സർവ്വകലാശാലയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

അഡീഷണൽ സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (No. 18230/EDN-C2/85/2014-FIN, dated 30.08.2019)

www.highereducation.kerala.gov.in

Stock File/Office Copy

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ